Malappuram District Police

## 06.10.2017 മലപ്പുറം

പാസ്പോർട്ടിനുള്ള പോലീസ് വെരിഫിക്കേഷൻ മൊബൈൽ ആപ്പ് വഴി നടത്തുന്നതിന് ജില്ലയിൽ തുടക്കമായി. പരീക്ഷണാടിസ്ഥാനത്തിൽ മഞ്ചേരി, കോട്ടക്കൽ, മലപ്പുറം, കൊണ്ടോട്ടി, തിരൂരങ്ങാടി, മങ്കട, കൽപകഞ്ചേരി പോലീസ് സ്റ്റേഷനുകളിൽ പദ്ധതി തുടങ്ങി. പാസ്പോർട്ട് സേവാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ച ഉടനെ പോലീസ് സ്റ്റേഷനുകളിലെ പ്രത്യേകം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫീൽഡ് വെരിഫിക്കേഷൻ ഓഫിസർ) ജില്ലാ പോലീസ് ഓഫിസിൽ നിന്ന് മൊബൈൽ ആപ്പ് വഴി ഫയലുകൾ നൽകുകയും ഇത് ഫീൽഡ് വെരിഫിക്കേഷൻ ഓഫിസർമാർ ഫീൽഡിൽ പോയി മൊബൈൽ ഉപയോഗിച്ച് വെരിഫിക്കേഷൻ നടത്തി ഉടൻ തന്നെ തിരികെ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. തിരികെ ലഭിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ട് അന്നുതന്നെ ജില്ലാ പോലീസ് മേധാവിയുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് പാസ്പോർട്ട് ഓഫിസിലേക്ക് സമർപ്പിക്കുന്നതോടെ വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാവും. ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റയുടെ കീഴിൽ ജില്ലാ സ്പെഷൽ ബ്രാഞ്ചാണ് പദ്ധതി നടപ്പാക്കുന്നത്. സ്പെഷൽ ബ്രാഞ്ച് ഡി.വൈ.എസ്.പി എ. ഉല്ലാസ് കുമാർ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫിസറാണ്. പദ്ധതി വരുന്നതോടെ പോലീസ് വെരിഫിക്കേഷനിലെ നിലവിലെ കാലതാമസം ഒഴിവായി പാസ്പോർട്ട് ഉടനെ ലഭിക്കും. പദ്ധതി വിജയിച്ചാൽ ജില്ലയിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനം നടപ്പാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥർ വികസിപ്പിച്ചെടുത്ത ആപ്പ് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

പൊതുജനങ്ങൾക്ക് evip.keralapolice.gov.in വെബ്സൈറ്റിൽ അപേക്ഷയുടെ ഫയൽ നമ്പർ എന്റർ ചെയ്ത് അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനും നിർദേശങ്ങൾ സമർപ്പിക്കുന്നതിനും സാധിക്കും.